# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം T.3399 08/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഈ സർക്കാർ എടുത്ത തീരുമാനങ്ങൾ അറിയിക്കാമോ; | എ) | ലൈഫ് ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ വിലകുറച്ച് നൽകുന്നതിനായി ലൈഫ് മിഷൻ, നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന പ്രമുഖ സ്ഥാപനങ്ങളുടെ യോഗം വിളിക്കുകയും അവർക്ക് ഈ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുകയും അവർ ലൈഫ് ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ വിലകുറച്ച് വിതരണം ചെയ്യിക്കുന്നതിനായി സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇപ്രകാരമുള്ള ഗുണഭോക്താക്കൾക്ക് പൊതുവിപണിയിലേതിൽനിന്നും വില കുറച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ നൽകുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | വീട് നിർമ്മാണത്തിന് ആവശ്യമായ പെയിന്റ്, സാനിറ്ററി ഐറ്റംസ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വാട്ടർ ടാങ്ക്, സിമെന്റ് തുടങ്ങിയ സാധനങ്ങൾ പ്രമുഖ സ്ഥാപനങ്ങളായ സെറ, ജീറ്റ്, പ്യാരീവെയർ, ലെഗ്രാന്റ് , വീഗാർഡ്, വിപ്രോ, ബോൺട്ടൺ കേബിൾസ്, ഏഷ്യൻ പെയിന്റ്സ്, നേരോലാക്ക്, വാൾമാക്സ്, ഇന്റോ ഏഷ്യൻ, ഹൈക്കൗണ്ട്, സ്റ്റാർ പൈപ്പ്സ്, മലബാർ സിമെന്റ്സ്, എന്നീ കമ്പനികൾ 20 - 60% വരെ വിലകുറച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സമ്മതിച്ചിട്ടുണ്ട്. ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പ്രത്യേക വില മിഷന്റെ വെബ് സൈറ്റായ www.lifemission.kerala.gov.in ൽ ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | സി) | ലൈഫ് ഗുണഭോക്താക്കൾക്ക് ഈ സാധന സാമഗ്രികൾ ലഭിക്കുന്നതിനായി മിഷന്റെ സോഫ്റ്റ് വെയറിലൂടെ പഞ്ചായത്ത് സെക്രട്ടറിക്കോ, വി.ഇ.ഒ ക്കോ ഐഡന്റിറ്റി കാർഡ് ജനറേറ്റ് ചെയ്ത് നൽകുവാൻ സാധിക്ക |

| | | | |
|---|---|---|---|
| | | | ന്നതാണ്. ഈ ഐഡന്റിറ്റി കാർഡുമായി ഗുണഭോക്താവിന് ബന്ധപ്പെട്ട കമ്പനികളുടെ ഡീലർമാരെ സമീപിച്ച് സാധന സാമഗ്രികൾ വിലകുറച്ച് നേരിട്ട് വാങ്ങുവാൻ സാധിക്കുന്ന താണ്. |
| ഡി) | ഈ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രാവർത്തിക മാകും; വ്യക്തമാക്കുമോ? | ഡി) | ഈ പദ്ധതി 2019 ജൂലൈ 17 ന് ബഹു. മുഖ്യമന്ത്രി കമ്പനി പ്രതിനിധികളുമായി എം.ഒ.യു ഒപ്പിട്ടതോടു കൂടി നിലവിൽ വരികയുണ്ടായി. |

സെക്ഷൻ ഓഫീസർ